# വിശ്വാസം

പ്രമാണം പ്രത്യക്ഷം അനുമാനം ആഗമം വിപര്യയം  ശ്രുതി സ്മൃതി സ്വപ്നം ഇങ്ങനെ അറിയുക എന്ന പ്രക്രീയ പല തരത്തിലാണ്. ഈശ്വരനെ മാത്രം അറിയുകയല്ല, സാക്ഷാത്ക്കരിക്കുകയാണ്. അറിയുമ്പോൾ അറിയുന്നവനുണ്ടാകില്ല. ജ്ഞാതാവ് ജ്ഞേയത്തിൽ ലയിച്ചുചേർന്നാണ് അറിയുന്നത്. അതുകൊണ്ടാണ് ആ അറിവിനെ സാക്ഷാത്ക്കരിക്കുക എന്നു പറയുന്നത്. അറിയാതെ തന്നെ മനസ്സുകൊണ്ടു സ്വീകരിക്കുന്നതിനെ വിശ്വസിക്കുകയെന്നാണ് പറയുന്നത്. നമ്മൾ ഈശ്വരനെ ആദ്യം വിശ്വസിക്കുകയാണ്. ഏറ്റവും ഒടുവിൽ ആ വിശ്വാസം മനസ്സിലാക്കലിന്റെ മൂർത്തിമത്ഭാവമായ സാക്ഷാത്ക്കാരമായിത്തീരുന്നു. പ്രപഞ്ചത്തിലെ ഏറ്റവും ഉൽകൃഷ്ടമായ പ്രതിഭാസമാണത്. വിശ്വസിച്ചു വിശ്വസിച്ച് അതായിത്തീരുക.

**സ്വാമി ബ്രഹ്മാനന്ദകുലപതി**

എല്ലാപേരും വിശ്വാസികളാണ്. നാമറിയാതെ നമ്മൾ പലതിനേയും വിശ്വസിച്ചുപോകയാണ്. നാമറിഞ്ഞുകൊണ്ടും ചിലതിനെ വിശ്വസിക്കുന്നു.  വിശ്വാസമാണ് സമാധാനം. പലപ്പോഴും പ്രതീക്ഷിക്കാതെ നഷ്ടപ്പെടുന്നതും ഇതേ വിശ്വാസം തന്നെയാണ്.

വിഷ്ണു നമ്പൂതിരി

ഉണർന്നെഴുന്നേല്ക്കുമെന്ന വിശ്വാസമാണ് എന്റെ ഉറക്കത്തിന്റെ രഹസ്യം. അതിൽ സംശയം വന്നാൽ ഉറങ്ങാൻ കഴിയില്ല.

ഉണ്ണിക്കുട്ടൻ

ഒന്നു വരുമ്പോൾ മറ്റേതു പോകുന്നു. അവർ പരസ്പരം അവിശ്വസിക്കയാകുമോ? അവിശ്വാസികളകലുമെന്നല്ലേ പ്രമാണം. ആരാണവർ? രാവും പകലുമാണോ?---------ഒന്നു വരുമ്പോൾ മറ്റേതുണരുന്നു. അവർ പരസ്പരം വിശ്വസിക്കയാകും. വിശ്വസിക്കുന്നവർ അടുക്കുമെന്നല്ലേ പ്രമാണം. ആരാണവർ?  സൂര്യനും താമരയുമാണോ?

സ്നേഹരാജി

സാമൂഹ്യവ്യവസ്ഥിതിയിൽ ഒരു കുടുംബമാണ് ഏറ്റവും ചെറിയ യൂണിറ്റ്. മാതാപിതാക്കളും സന്താനങ്ങളുമടങ്ങുന്ന ഏറ്റവും ചെറിയ ഒരു യൂണിറ്റ്. എല്ലാവരും ഒന്നുചേർന്ന് ഒറ്റമനസ്സോടെ എല്ലാവിധ നന്മക്കും വേണ്ടിയുള്ള പ്രാർത്ഥന. ആ പ്രാർത്ഥന ഒരൊറ്റ വിശ്വാസത്തിൽ അർപ്പിക്കണം. ഫലം വേഗത്തിൽ ലഭിക്കും.

അച്ഛന് ഒരു വിശ്വാസം. അമ്മക്ക് മറ്റൊരു വിശ്വാസം. മക്കൾക്ക് തോന്നിയ പോലുള്ള വിശ്വാസങ്ങൾ. വ്യത്യസ്ത ആശയങ്ങൾ, അഭിരുചികൾ, അഭിപ്രായങ്ങൾ. ആ കുടുംബത്തിൽ സമാധാനം സാധ്യമാണോ? ഒരേ വിശ്വാസത്തിലുള്ള ഒറ്റമനസ്സാണ് കുടുംബങ്ങളിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. പരസ്പരം ഒപ്പിക്കാനായി വിശ്വാസം അഭിനയിക്കുന്നതുകൊണ്ടു കാര്യമില്ല. മനസ്സിന്റെ ഐക്യം സൂഷ്മമായ സത്യത്തിലൂടെയാണ് സംഭവിക്കേണ്ടത്. ആ ഐക്യത്തിലൂടെയാണ് എല്ലാ ഉയർച്ചയും ഉണ്ടാകേണ്ടത്. ഒന്നിൽ വിശ്വസിച്ചു പ്രാർത്ഥിക്കുക. എല്ലാം നേടാനാകും. അതാണു ഗുരുപരമ്പര.

ഒരു അനുഭവസ്ഥ

എല്ലാ ബന്ധങ്ങളും വിശ്വാസത്താൽ നിലനില്ക്കുന്നു. ഈ വിശ്വാസം നിലനില്ക്കുന്നതെന്തിലാണ്?

ഗോപൻ